6931

24.07.2017

ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ

സർ/മാഡം

**വിഷയം: സീഡ് റിപ്പോർട്ടർമാർക്കുള്ള ശില്പശാല**

മാതൃഭൂമി സീഡ് പ്രവർത്തനങ്ങളുടെ ഭാഗമായി ആവിഷ്കരിച്ച ആശയങ്ങളായ സീഡ് പോലീസ്, സീഡ് റിപ്പോർട്ടർ എന്നിവ പ്രകൃതി സംരക്ഷണത്തിലും പൊതുജനാരോഗ്യപരിപാലനത്തിലും മികച്ച ഇടപെടലുകൾ നടത്തിക്കൊണ്ട് മുന്നേറുകയാണ്. സീഡ് റിപ്പോർട്ടർമാരുടെ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്നതിനായി ഒരു ശില്പശാല ആഗസ്റ്റ് 12 ശനിയാഴ്ച രാവിലെ 10ന് തൃശ്ശൂർ ദേവമാതാ സി.എം.ഐ. പബ്ലിക് സ്കൂളിൽ വെച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നു. പരിശീലനത്തിൽ താല്പര്യമുള്ള വിദ്യാർഥികളുടെ വിവരങ്ങൾ താഴെ തന്നിരിക്കുന്ന പട്ടികയിൽ ചേർക്കുന്നതോടൊപ്പം പാസ്പോർട്ട് സൈസ് കളർഫോട്ടോ (ഫോട്ടോയുടെ പുറകിൽ വിദ്യാർഥിയുടെ പേര് എഴുതിയത് സഹിതം) 08.08.2017നകം **യൂണിറ്റ് മാനേജർ, മാതൃഭൂമി, തൃശ്ശൂർ - 680021** എന്ന വിലാസത്തിലോ, **seedtcr@gmail.com** എന്ന ഇമെയിലിലോ (ഫോട്ടോയ്ക്ക് കുട്ടിയുടെ പേര് ഫയൽനെയ്മായി നൽകണം) അയക്കണം.

ഒരു സ്കൂളിൽ നിന്ന് പരമാവധി രണ്ട് പേർക്ക് ശില്പശാലയിൽ പങ്കെടുക്കാം. പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് സീഡ് റിപ്പോർട്ടർ ഐഡികാർഡും, സർട്ടിഫിക്കറ്റും ലഭിക്കും. സീഡ് റിപ്പോർട്ടർമാർക്കുള്ള ശില്പശാല വീക്ഷിക്കാൻ അധ്യാപകർക്കും സൗകര്യമൊരുക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക്: 9809149316, 9495013123.

വിശ്വസ്തതയോടെ

യൂണിറ്റ് മാനേജർ
മാതൃഭൂമി, തൃശ്ശൂർ

| | |
|---|---|
| Name of the School | |
| Name & Mobile Number of Seed cordinator | |
| School Email ID | |

| Sl No. | Name of the Seed reporter | Class | Div | Phone No. |
|---|---|---|---|---|
| | | | | |
| | | | | |

RS/6931/2017 Dt 01.08.17

Signature of Head of the Institution/Seed Co-Ordinator

1.8.17